പഞ്ചായത്ത് തിത്തികളിലുള്ള മരാമത്തുപണികൾ.

*242. [60] ശ്രീ. പി. കെ. കുഞ്ഞച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പഞ്ചായത്ത് തിത്തികളിൽ കലുങ്ക് കെട്ടുക, റോഡു വെട്ടുക, തുടങ്ങിയ മരാമത്തുപണികൾക്ക് എസ്റ്റിമേറ്റ് തയാറാക്കുന്നതിന് ആവശ്യത്തിനുള്ള സെക്ഷൻ ആഫീസർമാരും മറ്റും ഇല്ലാത്തതിനാൽ ജോലികൾ യാതൊന്നും പുരോഗമിക്കുന്നില്ലെന്നുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കുറവു പരിഹരിക്കുന്നതിനു നടപടികൾ ഗവണ്മെൻറ് സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) : (എ), (ബി) ഇല്ല. പക്ഷെ ജോലികളുടെ സംഖ്യയും പരിമാണവും അനുസരിച്ചു വളരെ വേഗത്തിൽ പണികൾ തീർക്കുവാൻ കൂടുതൽ ഓവർസിയർമാരെ നിയമിക്കുവാൻ ഉത്തരവിട്ടിട്ടുണ്ട്.

സക്കാർ സിമൻറ് കട്ട വിറ്റ എന്ന വാർത്ത.

*243. [61] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തു വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) 27-4-55-ലെ എക്സ്പ്രസ്സ് പത്രത്തിൽ "സക്കാർ സിമൻറ് കട്ട വിറ്റ" എന്ന തലക്കെട്ടിലുള്ള വാർത്ത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാര്യത്തിനു ഗവണ്മെൻറ് എന്തെല്ലാം നടപടി നടത്തി;

(സി) കുറ്റക്കാരാണെന്നു കാണുന്നവരെ മാതൃകാപരമായി ശിക്ഷിക്കുമോ?

മരാമത്തുവകുപ്പ് മന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) : (എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ചു പോലീസ് ഒരു കേസ് ചാർജ്ജു ചെയ്തിട്ടുണ്ട്.

(സി) കേസിന്റെ തീരുമാനത്തിനു വിധേയമായ് വേണ്ട നടപടി എടുക്കുന്നതാണ്.

ബോട്ടുജോലിക്കാർക്കുള്ള ലൈസൻസ്.

*244. [62] ശ്രീ. പി. കെ. അബ്ദുൽഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കനാൽ ഡിപ്പാർട്ടുമെൻറിൽ നിന്നും ഈ ജൂലായ് 10-നുള്ളിൽ എല്ലാ ബോട്ടിലേയും ക്ലാസ്സ് പുതുക്കാനും ലൈസൻസ് എടുക്കണമെന്നു ആവശ്യപ്പെട്ടുകൊണ്ട് ഒരറിയിപ്പ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ ജനുവരിയിൽ ഇത്തരം ഒരറിയിപ്പു കനാൽ ഡിപ്പാർട്ടുമെൻറ് നൽകിയിരുന്നോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അതു സ്റ്റേചെയ്യ കൊടുക്കുകയുണ്ടായോ;

(ഡി) ഈ ഉത്തരവു മൂലം വളരെ അധികം ക്ലാസ്സിപ്പണിക്കാർക്കു തൊഴിലില്ലാതെ ആകുമെന്നു ഗവണ്മെൻറ് മനസ്സിലാക്കുമോ;

(ഇ) കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ ക്ലാസ്സിപ്പണിക്കാരുടെ അശ്രദ്ധകൊണ്ട് എത്ര ബോട്ടപകടങ്ങൾ ഉണ്ടായിട്ടുണ്ട്;

(എഫ്) ലൈസൻസുള്ള മാസ്റ്റർമാർക്ക് ബോട്ടപകടങ്ങളും മറവുള്ള ഉത്തരവാദിത്വം കനാൽ റൂൾസ് അനുസരിച്ചു വ്യക്തമാക്കപ്പെട്ടിരിക്കേ ക്ലാസ്സിപ്പണിക്കാർക്കു ലൈസൻസ് എടുക്കണമെന്നു നിർബന്ധിക്കുന്നതു നീതിയാണെന്നു ഗവണ്മെൻറ് കരുതുന്നുണ്ടോ?

മരാമത്തു വകുപ്പു മന്ത്രി (ശ്രീ. കെ. വി. വേലായുധൻ): (എ) ഉണ്ട്.

(ബി) ഉവ്വ്.

(സി) ലൈസൻസിനു് അപേക്ഷിക്കേണ്ട കാലാവധി നീട്ടിക്കൊടുക്കുകയുണ്ടായി.

(ഡി) ഇതുമൂലം ആർക്കും തൊഴിൽ നഷ്ടപ്പെടാതിരിക്കുവാൻ പര്യാപ്തമായ വ്യവസ്ഥകളും ചെയ്തിട്ടുണ്ട്.

(ഇ) ക്ലാസ്സിപ്പണിക്കാരുടെ മാത്രം അശ്രദ്ധകൊണ്ടു് ബോട്ടപകടങ്ങളും സംഭവിച്ചിട്ടില്ല.

(എഫ്) ക്ലാസ്സിപ്പണിക്കാർ ലൈസൻസു് എടുക്കണമെന്നു നിഷ്കർഷിക്കുന്നതു് പ്രധാനമായും അവരുടെ ജോലിസമയം ക്രമപ്പെടുത്തിക്കൊണ്ടുള്ള നിയമം പ്രയോഗത്തിൽ വരുത്തുന്നതിലേയ്ക്കായിട്ടാണു്.

പഞ്ചായത്തിലെ കരക്കുടിശ്ശിക.

* 245. [64] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ലാൻഡ് റവന്യൂ ആക്ടനുസരിച്ചു് പഞ്ചായത്തുകളിലെ കരക്കുടിശ്ശിക പിരിക്കുന്നതിനു് പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥന്മാർക്കുതന്നെ അധികാരം നൽകുന്നതിനു് ഉദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): റവന്യൂ റിക്കവറി ആക്ടനുസരിച്ചു് പഞ്ചായത്തിലെ കരക്കുടിശ്ശിക ഈടാക്കുന്നതിനുള്ള അധികാരം ആരിൽ നിക്ഷിപ്തമാക്കണമെന്നുള്ള കാര്യം ആലോചിച്ചുവരികയാണു്.

പഞ്ചായത്തിൽ പ്രൊഫെഷൻ ടാക്സു് പിരിക്കൽ.

* 246. [66] ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തി പ്രൊഫെഷൻ ടാക്സു് പിരിക്കുന്നതു് ടേൺ ഓവറിൻറെ അടിസ്ഥാനത്തിലാണോ;

(ബി) അല്ലെങ്കിൽ പ്രൊഫെഷൻടാക്സു് പിരിക്കുവാൻ പഞ്ചായത്തുകൾക്കു് ബുദ്ധിമുട്ടുണ്ടെന്ന കാര്യം ഗവണ്മെൻറിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly